**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 406** **08-06-2021 - ൽ മറുപടിയ്ക്ക്**

**ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക് പൂർത്തിയാക്കാൻ മുൻ സർക്കാരിന് സാധിച്ചിരുന്നോ; | (എ) | ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി 17.11.2011 ലെ G.O.(Rt.) No.1439/2011/ID പ്രകാരം 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് 18.12.2014 ലെ G.O.(Rt.) No.6338/2014/RD പ്രകാരം കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ വില്ലേജിലെ ബ്ലോക്ക് 22 ൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവാകുകയും ചെയ്തു. ഏറ്റെടുക്കേണ്ട ഭൂമി നിലമായി കിടക്കുന്നതിനാൽ സ്ഥല പരിവർത്തനത്തിന് തത്വത്തിലുള്ള അനുമതി 11.09.2015 ലെ സ.ഉ.(എം.എസ്)നം.150/2015/ കൃഷി നമ്പർ ഉത്തരവ് പ്രകാരം കൃഷി വകുപ്പ് നൽകുകയുണ്ടായി . പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ 54.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഇതുവരെ 19.03 കോടി രൂപയ്ക്ക് 11.87 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി യുടെ പേരിൽ രജിസ്റ്റർ ചെയ്തു. കെ.എസ്.ഐ.ഡി.സി യുടെ പേരിൽ നെഗോഷ്യേറ്റഡ് പർച്ചേസ് ചെയ്യുമ്പോൾ ഭീമമായ തുക രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ചെലവാകുമെന്നതിനാൽ 30.07.2018 ലെ സ.ഉ.(സാധാ) നം.555/2018/നി.വ. ഉത്തരവ് പ്രകാരം ഇലക്ട്രോണിക് ഹാർഡ് വെയർ പ്രോജക്റ്റിനായി 100 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 10.03.2020 തീയതിയിൽ അന്നത്തെ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുവാൻ തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി-യെ വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പി.ഡബ്ല്യു.ഡി., എൻവയോൺമെന്റ് ആൻഡ് ക്ലൈമെറ്റ് ചേയ്ഞ്ച് ഡിപ്പാർട്ട്മെന്റ്, കിറ്റ്കോ, മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ ഡിപ്പാർട്ട്മെന്റ്, മൈനിങ് & ജിയോളജി ഡിപ്പാർട്ട്മെന്റ് എന്നിവയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റി അംഗങ്ങൾ സ്ഥല പരിശോധന നടത്തുകയും, അതിന്മേൽ ഇപ്പോൾ പഠനം നടത്തിവരുകയും ആണ്. |
| (ബി) | വിശദാംശങ്ങൾ നൽകാമോ? | (ബി) | ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി 17.11.2011 ലെ G.O.(Rt.) No.1439/2011/ID പ്രകാരം 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് 18.12.2014 ലെ G.O.(Rt.) No.6338/2014/RD പ്രകാരം കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ വില്ലേജിലെ ബ്ലോക്ക് 22 ൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവാകുകയും ചെയ്തു. ഏറ്റെടുക്കേണ്ട ഭൂമി നിലമായി കിടക്കുന്നതിനാൽ സ്ഥല പരിവർത്തനത്തിന് തത്വത്തിലുള്ള അനുമതി 11.09.2015 ലെ സ.ഉ.(എം.എസ്)നം.150/2015/ കൃഷി നമ്പർ ഉത്തരവ് പ്രകാരം കൃഷി വകുപ്പ് നൽകുകയുണ്ടായി . പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ 54.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഇതുവരെ 19.03 കോടി രൂപയ്ക്ക് 11.87 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി യുടെ പേരിൽ രജിസ്റ്റർ ചെയ്തു. കെ.എസ്.ഐ.ഡി.സി യുടെ പേരിൽ നെഗോഷ്യേറ്റഡ് പർച്ചേസ് ചെയ്യുമ്പോൾ ഭീമമായ തുക രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ചെലവാകുമെന്നതിനാൽ 30.07.2018 ലെ സ.ഉ.(സാധാ) നം.555/2018/നി.വ. ഉത്തരവ് പ്രകാരം ഇലക്ട്രോണിക് ഹാർഡ് വെയർ പ്രോജക്ടിനായി 100 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 10.03.2020 തീയതിയിൽ അന്നത്തെ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചു പഠനം നടത്തുവാൻ തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി-യെ വിദഗ്ധ കമ്മിറ്റി രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പി.ഡബ്ല്യു.ഡി., എൻവയോൺമെന്റ് ആൻഡ് ക്ലൈമെറ്റ് ചേയ്ഞ്ച് ഡിപ്പാർട്ട്മെന്റ്, കിറ്റ്കോ, മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ ഡിപ്പാർട്ട്മെന്റ്, മൈനിങ് & ജിയോളജി ഡിപ്പാർട്ട്മെന്റ് എന്നിവയിലെ വിദഗ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റി അംഗങ്ങൾ സ്ഥല പരിശോധന നടത്തുകയും, അതിന്മേൽ ഇപ്പോൾ പഠനം നടത്തിവരുകയും ആണ്. |

സെക്ഷൻ ഓഫീസർ